**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1727** **04-02-2026 - ൽ മറുപടിയ്ക്ക്**

**നിരണം, പെരിങ്ങര കൃഷിഭവൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യൂ ടി. തോമസ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നിരണം, പെരിങ്ങര കൃഷിഭവനുകളുടെ നിർമ്മാണം തടസപ്പെടുവാൻ ഉണ്ടായ കാരണം എന്തെന്ന് വ്യക്തമാക്കാമോ; | (എ) | പുനർജനി പദ്ധതി 2020-21 പ്രകാരം നിരണം, പെരിങ്ങര കൃഷി ഭവനുകളുടെ നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുള്ളതാണ്. യഥാക്രമം 55/- ലക്ഷം രൂപയും, 60/- ലക്ഷം രൂപയും അനുവദിച്ചിട്ടുള്ളതും, പ്രസ്തുത നിർമ്മാണ പ്രവർത്തനത്തിനായി പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും ടി തുക പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുമുള്ളതുമാണ്.<br><br>എന്നാൽ, പ്രസ്തുത കൃഷി ഭവനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സൈറ്റിൽ മണ്ണ് പരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ മണ്ണിന് ബലക്ഷമത കുറവായതിനാൽ പൈൽ ഫൌണ്ടേഷൻ അത്യാവശ്യമാണെന്നും രണ്ട് കൃഷിഭവനുകളുടേയും നിർമാണത്തിനായി നിലവിൽ അനുവദിച്ചിട്ടുള്ള ആകെ തുകയായ 105/- ലക്ഷം രൂപ അപര്യാപ്തമാണെന്നും അധിക തുക ആവശ്യമാണെന്നും പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ നിന്നും അറിയിക്കുകയുണ്ടായി. മേൽ സാഹചര്യത്തിലാണ് പ്രസ്തുത കൃഷിഭവനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിട്ടത്. |
| (ബി) | മുൻപ് കൃഷിഭവനുകൾ പ്രവർത്തിച്ചിരുന്ന കെട്ടിടങ്ങൾ പൊളിച്ചു കളഞ്ഞ സാഹചര്യത്തിൽ കൃഷിഭവനുകൾക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | നിരണം, പെരിങ്ങര കൃഷി ഭവനുകളുടെ നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത തുക തിരികെ ലഭ്യമാക്കി, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി കൊണ്ട് പ്രവൃത്തി നടത്തുന്നതിനുള്ള അനുമതി നൽകി സ.ഉ(സാധാ)നം.1216/2025/ കൃഷി, തീയതി 20.12.2025 ഉത്തരവ് നൽകിയിട്ടുണ്ട്.<br><br>പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം ഡെപ്പോസിറ്റ് തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി ബന്ധപ്പെട്ട തദ്ദേശ |

| | | | |
|---|---|---|---|
| | | | സ്വയംഭരണ സ്ഥാപനത്തിന്റെ സഹായത്തോടെ കൃഷി ഭവനുകളുടെ നിർമ്മാണത്തിനായുള്ള തുടർ പ്രവർത്തനങ്ങൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ